# ചിറക്കുതാഴ എൽ.പി സ്കൂൾ

പി ഒ കിഴുന്ന , കണ്ണൂർ -7

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 26



# PROFILE

Name of school with Land Number: CHIRAKKUTHAZHA L.P.SCHOOL 2836653

Name of Revenue village/Ward :

Name of cluster(CRC) :KIZHUNNA SOUTH U.P SCHOOL

Name of panchayath/Corporation:KANNUR CORPORATION

Name of Block : EDAKKAD

Name of District :KANNUR

Name of H M with Mobile Number :SWARNALETHA N.V 9497603974

# ആമുഖം

സർക്കാരിന്റെപൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തോടനുബന്ധിച്ചു ഓരോവിദ്യാലയത്തിലുംവിപുലമായപ്രവർത്തനങ്ങളാണ്ഇപ്പോൾനടന്നുവരുന്നത്.അധ്യാപകരക്ഷാകർതൃസമിതികൾ,പൂർവവിദ്യാർഥികൾ, തദേശഭരണസ്ഥാപനപ്രതിനിധികൾ, എന്നുവേണ്ട സമൂഹത്തിന്റെ വിവിധതുറകളിൽപെട്ടവർ തങ്ങളെ തങ്ങളാക്കി മാറ്റിയ അവരുടെവിദ്യാ ലയങ്ങളുടെ നഷ്ടപ്രതാപങ്ങൾ തിരിച്ചുപിടിക്കാൻവേണ്ടി വളരെയധികം ശ്രദ്ധ ചെലുത്തുന്നുണ്ട്.ഭരണകർത്താക്കളും ഭരണനിർവഹകരും പൊതുസമൂഹവും ഒരുമിച്ചു ചേർന്ന് ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ച്ചപ്പടിനനുസരിച്ച് സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള കൂട്ടായ അന്വേഷണമാണ് വേണ്ടത്.ഇതാണ് പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിലൂടെ വിഭാവനം ചെയ്യുന്നത്.അതിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഭൗതികസൗകര്യങ്ങൾക്ക് അടിമുടി മാറ്റം വന്നു കൊണ്ടിരിക്കുകയാണ്. എന്നാൽ ഇതോടൊപ്പം കുട്ടികളുടെ അക്കാദമിക വികാസത്തിനായുള്ള ആസൂത്രണം കൂടി നടന്നാൽ മാത്രമേ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ ആവശ്യം എന്ന ലക്ഷ്യം സാർത്ഥകമാകുന്നതിന് സഹായിക്കുകയുള്ളൂ .ഓരോ സ്കൂളിന്റെയും സാഹചര്യങ്ങൾക്കും പരിമിതികൾക്കും അനുസൃതമായി സ്കൂളിലെ ഓരോ കുട്ടിയേയും പരമാവധി പഠിച്ചു സാങ്കേതിക വിദ്യയുടെ സാധ്യതകളടക്കം വിവിധങ്ങളായ പഠനാനുഭവങ്ങൾ ആസൂത്രണം ചെയ്ത് അധ്യാപകർ

സുസജ്ജരായി കുട്ടിയെ ഏറ്റവും ഉന്നതിയിൽഎത്തിക്കണം. ഇങ്ങനെ അക്കാദമിക മികവിനായുള്ള ചിട്ടയായ പ്രവർത്തനങ്ങള് ആസൂത്രണംചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഇത്തരം ഒരു പദ്ധതി തയ്യാറാക്കുന്നത് .മികച്ച ഒരു അക്കാദമിക പദ്ധതി ഉണ്ടായാലേ പൊതുവിദ്യാലയങ്ങള് മികവിന്റെ കേന്ദ്രങ്ങളായി മാറുകയുള്ളൂ.

# സ്കൂളിന്റെ ചരിത്രം

1917-ൽ സ്ഥാപിതമായ ചിറക്കുതാഴ എൽ.പി സ്കൂൾ കണ്ണൂര് കോർപറേഷനിലെ എടക്കാട് സോണലിലെ ചിറക്കുതാഴയില് നാഷണൽ ഹൈവേയ്ക്കും റെയിൽപ്പാതയ്ക്കും ഇടയിലായി സ്ഥിതി ചെയ്യുന്നു.വിദ്യാലയം സ്ഥാപിച്ച കാലയളവിൽ കാര്യമായ കെട്ടിടം ഉണ്ടായിരുന്നില്ല.പിന്നീട് അടച്ചുറപ്പുള്ള കെട്ടിടം ഉണ്ടായി.ഒരു പ്രീ.കെ.ഇ.ആർ കെട്ടിടവും ഒരു പോസ്റ്റ് കെ.ഇ.ആർ. കെട്ടിടവും ചേർന്നതാണ് ഇന്നത്തെ സ്കൂള്.മാറിവന്ന സ്കൂൾ മാനേജരും അധ്യാപകരും ചേർന്ന് സ്കൂളിനു പല മാറ്റങ്ങളും വരുത്തിയിട്ടുണ്ട്.നല്ല ഒരു ചുറ്റുമതിലും ഒരു ചെറിയ കളിസ്ഥലവും ഉണ്ട്.ശുദ്ധജലം ലഭിക്കുന്ന ഒരു കിണറും സ്കൂളിനുണ്ട്.

കൃഷിക്കാരും,ബീഡിതൊഴിലാളികളും നിർമാണ തൊഴിലാളികളും കൂടുതലായിതാമസിക്കുന്ന ഈ പ്രദേശത്തെ കുട്ടികൾക്ക് അറിവിന്റെ ആദ്യാക്ഷരം പകർന്നു കൊടുക്കുന്നതിന് ഈ വിദ്യാലയം ഏറെ സഹായിച്ചു.ധാരാളം പേരെ സമൂഹത്തിന്റെ ഉയർന്ന നിലയിലെത്തിക്കാന് സ്കൂളിനു സാധിച്ചിട്ടുണ്ട്.

ഇന്നത്തെ സ്കൂളിനോട് തൊട്ടടുത്തുള്ള സ്ഥലത്ത് ചെറിയ രീതിയില് ആരംഭിച്ച വിദ്യാലയം പിന്നീട് ചിറക്കുതാഴ ജ്ഞാനോദയ വായനശാലയുടെനിർമ്മാണത്തിനു ശേഷം ബാക്കി വന്ന സാധനങ്ങൾ ഉപയോഗിച്ചാണ് ഇന്ന് കാണുന്ന രീതിയിലുള്ള കെട്ടിടത്തിലേക്ക് മാറിയത്.പ്രഗത്ഭരായ ചില അധ്യാപകരുടെയും അന്നത്തെയുവതലമുറയുടെയും പ്രയത്ന ഫലമായാണ് സ്കൂള് ഉണ്ടായതെന്ന് പറയപ്പെടുന്നു.

പണ്ട് വടക്കേ മലബാറിലെ പ്രശസ്തമായ ഒരു വിദ്യാഭ്യാസ സ്ഥാപനമായിരുന്നു ഇത്.കുമ്മി ,നാടകം മുതലായ കലാരൂപങ്ങൾ ഇവിടെ അഭ്യസിപ്പിച്ചിരുന്നു.സകലകലാവല്ലഭന് ആയ ശ്രീ .അച്യുതൻ മാസ്റ്ററാണ് അന്നത്തെ പ്രധാനാധ്യാപകന് എന്നാണ് അനുമാനിക്കുന്നത്.പിന്നീട് ശ്രീ.പൊക്കന് മാസ്റ്റര് , ശ്രീ സദാനന്ദൻ മാസ്റ്റർ, ശ്രീ വിനോദൻ മാസ്റ്റര് ,ശ്രീ സുരേശൻ മാസ്റ്റര് മുതലായവര് ഇവിടെ പ്രധാനാധ്യാപകരായിസേവനമനുഷ്ഠിച്ചു. ശ്രീമതി സ്വർണലത എൻ.വി.യാണ്ഇപ്പോഴത്തെപ്രധാനാധ്യാപിക.

മൂന്ന് അധ്യാപികമാരാണ് ഇപ്പോള് ഇവിടെ അധ്യയനം നടത്തുന്നത്.

# സ്കൂൾ കാഴ്ചപ്പാട്

സ്കൂളിലെ ഓരോ കുട്ടിയേയും പരമാവധി പഠിച്ച് അവനെ ഏറ്റവും ഉന്നതിയിൽ എത്തിക്കുക എന്നതായിരിക്കും നമ്മുടെ സ്കൂളിന്റെ കാഴ്ചപ്പാട് . അതിനു വേണ്ടി മുഴുവൻ അധ്യാപകരെയും ഏറ്റവും കഴിവുള്ളവരാക്കി മറ്റും .

# സ്കൂളിന്റെ ഇന്നത്തെ അവസ്ഥ

കഴിഞ്ഞ കുറേ വർഷങ്ങളായി കുട്ടികളുടെ എണ്ണം വളരെ കുറവാണെങ്കിലും പാഠ്യ പഠ്യേതര വിഷയങ്ങളിൽ മികവുപുലർത്താൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട് .

കലാപരമായും അക്കാദമികപരവുമായ നേട്ടങ്ങൾക്കുടമയായിട്ടുണ്ട് ഇവിടുത്തെ കുട്ടികൾ. ഒന്നിടവിട്ട വർഷങ്ങളിൽ എൽ.എസ് .എസ് ജേതാക്കൾ ഇവിടെ ഉണ്ടായിട്ടുണ്ട് . 2019-2020 വർഷം 2 കുട്ടികൾക്കും ,2020-2021 വർഷം 4 കുട്ടികൾക്കും 2022-2023 വർഷം 1 കുട്ടിക്കും 2023 -2024 വർഷം 1 കുട്ടിക്കും 2024-2025 വർഷം 2 കുട്ടികൾക്കും എൽ.എസ് .എസ് ലഭിച്ചു .

2018-2019 → 35
2019-2020 → 25
2020-2021 → 26
2021-2022 → 16
2022-2023 → 21
2023-2024 → 17
024-2025 → 19
2025-2026 → 21

ഇതാണ് കഴിഞ്ഞ 8 വർഷത്തെ കുട്ടികളുടെ എണ്ണം . ശ്രീമതി ഐ .ഭാനുമതിയുടെ മരണത്തെ തുടർന്ന്ശ്രീ മനോജ് ഐ .ആർ ആണ് ഇപ്പോഴത്തെ മാനേജർ .

# സ്കൂളിന്റെ പോരായ്മകള്

കുട്ടികൾ കുറവാണെങ്കിലും അക്കാദമികപരമായി വളരെ പിറകിലൊന്നുമല്ല ഇവിടത്തെ കുട്ടികള്-2,3,4 ക്ലാസ്സുകളില് അക്ഷരം തീരെ അറിയാത്ത ഒരു കുട്ടി പോലുമില്ല.
ലേഖനത്തിന്റെ കാര്യത്തില് രണ്ട് കുട്ടികള് മാത്രം കുറച്ച്

പിറകിലാണ് –3,4 ക്ലാസ്സുകളിൽ .
ഇംഗ്ലീഷ്ഭാഷ സംസാരിക്കുന്നതിനുള്ള ഒരു കഴിവ് നാലാം തരമാവുമ്പോഴേക്കും വളർത്തി കൊണ്ട് വരേണ്ടതായുണ്ട്.കൂടാതെ ഗണിതക്രിയകൾ നന്നായി അറിയുന്ന ചില കുട്ടികൾക്ക് പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിക്കുമ്പോൾപ്രയാസം നേരിടുന്നു.അതിനു ഒരു മാറ്റം വരുത്തേണ്ടതുണ്ട്.

# പൊതുലക്ഷ്യങ്ങൾ

➧എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാക്കുക .എല്ലാ കുട്ടികൾക്കുംപഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാക്കുക .സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക

➧എല്ലാകുട്ടികളും അതത് ക്ലാസ്സിൽ നേടേണ്ടപഠനശേഷികൾ കൈ വരിച്ചു എന്നുറപ്പു വരുത്തുക.

➧എല്ലാ കുട്ടികൾക്കും മലയാളം ,ഇംഗ്ലീഷ് , ഭാഷകൾസംസാരിക്കാനും എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക .

➧പാരിസ്ഥിതിക അവബോധവും സാമൂഹിക അവബോധവും നേടുന്നതിനായി പരിശ്രമിക്കുക .

➧മൂല്യബോധമുള്ള പൗരന്മാരായി വളർത്തുക .

➧കുട്ടികളുടെ അക്കാദമികവും സർഗ്ഗപരവും കായികവുമായ കഴിവ് പരമാവധി കണ്ടെത്തി പ്രോത്സാഹിപ്പിച്ചു സംസ്ഥാന ദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും .

➧മുഴുവൻ കുട്ടികൾക്കും ആരോഗ്യകായികക്ഷമത ഉറപ്പാക്കുക.

# വിഷയമേഖലകൾ

## മാതൃഭാഷ

### ലക്ഷ്യങ്ങൾ

- ഭാഷ എഴുതാനും വായിക്കാനുമുള്ള ശേഷി എല്ലാവർക്കും ഉണ്ടാക്കുക .
- എല്ലാകുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുക .
- വായനാനുഭവങ്ങൾ വിവിധ രീതിയിൽ പങ്കിടുന്നതിന് അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ ,അറിവുകൾ,അനുഭവങ്ങൾ ,മുന്നറിവുകൾ.എന്നിവയുടെ വെളിച്ചത്തിൽ സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിനുംഅവതരിപ്പിക്കുന്നതിനും കഴിവുള്ളവരാക്കുക .
- ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപെടുത്തുക .
- പൊതുവിജ്ഞാന സമ്പത്തുവർധിപ്പിക്കുക.

| ലക്ഷ്യങ്ങൾ | പഠനപ്രശ്നം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| മലയാള ഭാഷ 18 ആദ്യവാരം എഴുതാനും വായിക്കാനുമുള്ള ശേഷി ഉറപ്പുവരുത്തുക. | ചില കുട്ടികൾ വായനയിലും എഴുത്തിലും പിന്നോക്കം നിൽക്കുന്നു . | ➧ അക്ഷര പ്പുലരി പുസ്തകം ഉപയോഗിച്ച് വായന ,ലേഖനം ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ .<br>➧വായനക്കാർഡ് അവതരണം . | ജൂൺ 18 ആദ്യവാരം മുതൽ ജൂലൈ വരെ .<br>ജൂലൈ ആദ്യ വാരം. | | |

<table>
<tr>
<td>എല്ലാകുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക<br><br>വീട്ടുലൈബ്രറിയെന്ന ആശയം.</td>
<td>ഭാഷാവ്യവഹാര രൂപങ്ങൾ നിർമിക്കുമ്പോൾ നിലവാരക്കുറവ് , മറ്റു വിഷയങ്ങളെക്കുറിച്ചുള്ള പരിമിതമായ അറിവ് .</td>
<td>വായനാസാമഗ്രി ശേഖരണം<br>➧ലൈബ്രറിയിലെപുസ്തകങ്ങൾ കണ്ടെത്തി ലിസ്റ്റ് ആക്കൽ (പഠനത്തിനനുയോജ്യമായത് )<br>➧ആവശ്യമായവ വാങ്ങൽ<br>➧ജന്മദിനപുസ്തകം<br>➧പുസ്തകപ്രദർശനം ,വിതരണം .<br>വായനപ്രവർത്തനങ്ങൾ<br>➧അസംബ്ലിയിൽ പുസ്തകപരിചയം<br>➧സി .പി .ടി.എ .യിൽ പുസ്തകപരിചയം - രക്ഷിതാക്കൾ,കുട്ടികൾ<br>➧അവധിദിനവായന ,അധ്യാപകരുടെ നേതൃത്വത്തിൽ വായന.<br>➧അമ്മവായന ,അമ്മമാർക്ക് കഥ പറയൽമത്സരം .<br>വീട്ടുലൈബ്രറി .<br>➧വീട്ടിലെ പുസ്തകപ്രദരർശനം .<br>➧കുട്ടികൾക്ക് ആവശ്യമായ പുസ്തകങ്ങൾ കണ്ടെത്തി സ്കൂൾ ലൈബ്രറിയിൽ നിന്നും,വായനശാലയിൽനിന്നും വീട്ട്ലൈബ്രറിയിലേക്കു നൽകി വർഷാവസാനം തിരിച്ചുവാങ്ങൽ.</td>
<td></td>
<td></td>
<td></td>
</tr>
</table>

| | | | | | |
|---|---|---|---|---|---|
| രചനാപരമായ കഴിവ് വളർത്തുക . | പഠനപ്രവർത്തനങ്ങളിൽ ഭാഷാവ്യവഹാരരൂപങ്ങൾ തയ്യാറാക്കുമ്പോൾ പ്രയാസമനുഭവപ്പെടുന്നു . | രചനാപ്രവർത്തനങ്ങൾ<br>➧വായനക്കുറിപ്പ് അസംബ്ലിയിൽ അവതരണം<br>➧വായനക്കുറിപ്പ് പതിപ്പ്<br>➧പത്രനിർമാണം<br>➧രചനാശില്പശാല (കഥ ,കവിത )<br>➧രക്ഷിതാക്കൾ ,കുട്ടികൾ,അധ്യാപകർ ,- മികച്ച സൃഷ്ടികൾ ചേർത്ത് സ്കൂൾ മാഗസിൻ .<br>• കുട്ടികളൊരു പതിപ്പ് | | | |
| ഭാഷാശേഷി വികാസത്തിനായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുക . | കഥകൾ,കവിതകൾ എളുപ്പത്തിൽ പറയുന്നതിനും പാടുന്നതിനും . | ➧പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ കവിതകൾ,കഥകൾ,ചിത്രങ്ങൾ ഇവ കാണിക്കുന്നു (വീഡിയോ ). | | | |

| | | | | | |
|---|---|---|---|---|---|
| വായനാനുഭവങ്ങൾ വ്യത്യസ്തരീതിയിൽ പങ്കിടുന്നതിന് . | പുസ്തകവായനയിലേതാല്പര്യമില്ലായ്മ. | ▶വായനാമത്സരം,<br>.▶വായിച്ചപുസ്തകങ്ങളിലെ സംഭവങ്ങൾ ചിത്രീകരണം .<br>▶പ്രതിദിനപദപരിചയം .<br>▶വായിച്ചപുസ്തകങ്ങളിലെ കഥാപാത്രങ്ങൽ അ നുകരണം.<br>പൊതുവിജ്ഞാനം . | | | |
| പൊതുവിജ്ഞാന സമ്പത്തു വർധിപ്പിക്കുക . | എൽ .എസ് .എസ് പോലുള്ള പരീക്ഷകൾ ,ക്വിസ് മത്സരങ്ങൾ തുടങ്ങിയവയിൽ മികവ് തെളിയിക്കാൻ . | ▶അസംബ്ലിയിൽ രണ്ടു ചോദ്യങ്ങൾ<br>▶പ്രദർ ശി പ്പിച്ചക്വിസ് ചോദ്യങ്ങൾക്കുഉത്തരം കണ്ടെത്തിവരുന്നു .<br>▶ക്വിസ്മത്സരം - വായിച്ചപത്രങ്ങളെ ആസ്പദമാക്കി ,ശേഖരിച്ച ചോദ്യങ്ങൾ ആസ്പദമാക്കി ,വായിച്ചപുസ്തകങ്ങളെആസ്പദമാക്കി. | | | |

# ഇംഗ്ലീഷ്

## ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയം നടത്താൻ എല്ലാകുട്ടികളെയും പ്രാപ്തരാക്കുക .
- സ്വതന്ത്ര വായനക്കാരാക്കുക .
- സ്വതന്ത്ര രചന നടത്താൻകഴിവുനേടുക .പരിസരപഠനം

# പരിസരപഠനം

## ലക്ഷ്യങ്ങൾ

- ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക .
- ഐ.സി..ടി .സാധ്യതകൾ ഉപയോഗിച്ച് ശാസ്ത്രപഠനം ഏളുപ്പമാക്കുക.
- ശാസ്ത്രപരീക്ഷണങ്ങൾ ചെയ്യുന്നതിൽ താല്പര്യംവളർത്തുക.

# ഗണിതം

## ലക്ഷ്യങ്ങൾ

- അടിസ്ഥാന ഗണിതക്രിയകൾ ഉറപ്പിക്കുക .
- ഗണിതകിറ്റ് തയ്യാറാക്കുക.
- പ്രശ്നാപഗ്രഥന ചോദ്യങ്ങൾ വിശകലനം ചെയ്ത് ഉത്തരം കണ്ടെത്തുന്നതിന്.
- ഗണിതപഠനം ഉല്ലാസപ്രദവും കൗതുക കരവുമാക്കി മുഴുവൻ കുട്ടികൾക്കുംഗണിതശേഷികൾ ഉറപ്പാക്കുക .

| ലക്ഷ്യങ്ങൾ | പഠന പ്രശ്നം | പ്രവർത്തനങ്ങള് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- | --- |
| ഇംഗ്ലീഷ് ഭാഷയിൽ ആശയ വിനിമയം നടത്തുന്നതിന് | പഠനപ്രവർത്തനങ്ങളിലെ interaction ന്,നിത്യജീവിതത്തിൽ ഉപയോഗിക്കുന്നതിന് | ➢ സ്പോക്കൺ ഇംഗ്ലീഷ്ക്ലാസ്സ്<br>➢ ഇംഗ്ലീഷ് പരിപാടികൾ ബാലസഭയിൽ<br>➢ ഇംഗ്ലീഷ് ഫെസ്റ്റ്<br>➢ ഇംഗ്ലീഷ് പദപരിചയം അസ്സംബ്ലിയിൽ | ഫെബ്രുവരി മുതൽ ശനിയാഴ്ചകളിൽ<br>ബാലസഭ(ആഴ്ചയിൽ വെള്ളിയാഴ്ചകളിൽ)<br>2023-ക്രിസ്മസ് അവധി<br>എല്ലാ ദിവസവും | അധ്യാപകർ, പൂർവവിദ്യാർഥികള് ഓരോ അധ്യാപകർ ,കുട്ടികൾ<br>അദ്ധ്യാപകർ | 8000 |

| | | | | | |
|---|---|---|---|---|---|
| സ്വതന്ത്രവായനക്കാരനാക്കുക | | ➢ ചെറിയ ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാനവസരം നൽകൽ(അസ്സംബ്ലി,പ്രതിദിന വായന) | എല്ലാ ദിവസവും | അദ്ധ്യാപകർ, കുട്ടികൾ | |
| സ്വതന്ത്ര രചന(ഇംഗ്ലീഷ്) | ഇംഗ്ലീഷ് ഭാഷയിലെ വ്യവഹാര രൂപങ്ങൾ നിർമിക്കുന്നതിലെ പ്രയാസം | ക്ലാസ്റൂം പ്രവർത്തനങ്ങളുടെ ഭാഗമായുണ്ടാകുന്ന രചനകളും ഇംഗ്ലീഷ് രചനാശില്പശാലകൾ നടത്തി ഉണ്ടാവുന്ന രചനകളും ചേർത്ത് ഇംഗ്ലീഷ് പതിപ്പ് നിർമാണം | ആഗസ്ത്,ജനുവരി മാസങ്ങളിൽ പതിപ്പ് പ്രകാശനം | അദ്ധ്യാപകർ | പി.ടി.എ 2000 |
| ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യുന്നതിൽ താല്പര്യം വളർത്തുക | | ശാസ്ത്ര പരീക്ഷണങ്ങൾകണ്ടെത്തി ലിസ്റ്റ് ചെയ്യുന്നു. ക്ലാസ്റൂം പ്രവർത്തനങ്ങളില് ഉണ്ടാവുന്ന പരീക്ഷണങ്ങളും കൂടാതെ L.P വിഭാഗം കുട്ടികൾക്ക് ചെയ്യാന് | ഏപ്രിൽ-മെയ് അവധി<br>ക്ലാസ്റൂം പ്രവർത്തനങ്ങൾക്കിടയില് | അധ്യാപകർ<br>അധ്യാപകർ | 3000 P.T.A |

| | | | | | |
|---|---|---|---|---|---|
| | | ➧കുട്ടികൾക്ക് ചെയ്യാൻ പ്രയാസമില്ലാത്തതുമായ നൂറു<br>പരീക്ഷണങ്ങൾ കണ്ടെത്തി ചെയ്യുന്നു .<br>➧പരീക്ഷണ ശില്പശാല സംഘടിപ്പിക്കുന്നു<br>(രക്ഷിതാക്കൾ ,വിദഗ്ധർ ,അദ്ധ്യാപകർ ,കുട്ടികൾ)<br>ശാസ്ത്ര പരീക്ഷണങ്ങൾ കുട്ടികൾ ഏറ്റെടുക്കുന്നു<br>പരീക്ഷണ സാമഗ്രികൾ വികസിപ്പിക്കുന്നു<br>പരീക്ഷണത്തിലേർപ്പെടുന്നു<br>പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുന്നു. | | | |

| | | | | | |
|---|---|---|---|---|---|
| | | പ്രയാസമില്ലാത്തതുമായ നൂറ് പരീക്ഷണങ്ങൾ കണ്ടെത്തി ചെയ്യുന്നു | ആഴ്ചയിൽ ഒന്നു വീതം(ബുധനാഴ്ച 3ന്) | | |
| അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പിക്കുക<br><br>ഗണിതം ജീവിതവുമായി ബന്ധപ്പെടുത്തുന്നു | സങ്കലനം,വ്യവകലനം,ഗുണനം,ഹരണം ഉറപ്പിക്കാൻ വേണ്ടി വസ്തുക്കൾ ഉപയോഗിക്കേണ്ടി വരുമ്പോൾ | അധ്യാപകർ വേനലവധിക്കാലത്ത് സ്വന്തമായി ഗണിതക്കിറ്റ് തയ്യാറാക്കുക.ജൂൺ രണ്ടാമത്തെ ആഴ്ചയിൽ അത് കുട്ടികളുമായി പങ്കുവയ്ക്കുന്നു. C.P.T.A. യിലും പങ്കുവയ്ക്കുന്നു.തുടർന്ന് രക്ഷിതാക്കളുടെയും കുട്ടികളുടെയും നേതൃത്വത്തിൽ ഗണിതക്കിറ്റിലേക്ക് വേണ്ട വസ്തുക്കൾശേഖരിക്കുന്നു - തുടർന്ന് ഓരോരുത്തരുടെയും ഗണിതക്കിറ്റ് പ്രദർശനം ഗണിതക്കിറ്റ് വിപുലീകരണം. ഗണിത വർക്ക്ഷീറ്റുകള് നൽകി ഉത്തരം കണ്ടെത്തുന്നു | ഏപ്രിൽ-മെയ്<br><br>ജൂൺ<br><br>ജൂലായ് 1<br><br>വർഷം മുഴുവൻ | അധ്യാപകർ<br><br>രക്ഷിതാക്കൾ, കുട്ടികൾ<br><br>അധ്യാപകർ | P.T.A, S.S.A<br><br>1000 |

# കലാകായിക പ്രവൃത്തിപരിചയം

## ലക്ഷ്യങ്ങൾ

- വിദ്യാലയത്തിലെത്തുന്ന എല്ലാ കുട്ടികളെയും കലാ കായിക പ്രവൃത്തി പരിചയമേഖലകളിലെ കഴിവ് വികസിപ്പിക്കുക.
- കലാകായിക രംഗങ്ങളിൽ ഓരോ കുട്ടിക്കും അഭിരുചിക്കനുസരിച്ച് മികവു തെളിയിക്കാൻ അവസരം ഒരുക്കുക.
- നിർമാണാത്മകമായ കഴിവുകള് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ മറ്റുൽപന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

| ലക്ഷ്യങ്ങൾ | പഠന പ്രശ്നം | പ്രവർത്തനങ്ങള് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| നിർമ്മാണാത്മകമായ കഴിവുകൾ വികസിപ്പിക്കുക. സ്കൂളിലെ എല്ലാ കുട്ടികളുടെയുംകലാ കായിക പ്രവൃത്തിപരിചയ മേഖലകളിലെ കഴിവ് വികസിപ്പിക്കുക | മേഖലകളിലെ വിജയം.പഠനോല്പന്നങ്ങൾ നിർമിക്കുമ്പോളുള്ള പ്രയാസം | ➢ സ്കുൾതലപ്രവൃത്തിപരിചയമേള<br>➢ ക്യാമ്പുകൾ<br>➢ കരകൌശലനിർമ്മാണ ശില്പശാല,പ്രദർശനം<br>➢ കായികമേള<br>➢ വാർഷികം<br>➢ നാടൻപാട്ട് പരിശീലനം<br>➢ നാടകക്യാമ്പ്<br>➢ നൃത്തപരിശീലനം<br>➢ ബാലസഭ<br>➢ അസ്സംബ്ലിയിൽ പരിപാടി അവതരിപ്പിക്കൽ<br>➢ മാസ്ഡ്രിൽ | ഓണാവധി ഡിസംബർ അവസാന വാരം<br>മെയ്<br>ജനുവരി<br>മാർച്ച്<br>ജനുവരി<br>ജനുവരി മുതൽ<br>എല്ലാ വെള്ളിയാഴ്ചയും<br>ആഴ്ചയിൽ ഒരുദിവസം | അധ്യാപകർ<br>വിദഗ്ദർ<br>അധ്യാപകർ,പി.ടി.എ പി.ടി.എ വിദ്യാലയ വികസനസമിതി<br>വിദഗ്ദൻ<br>അധ്യാപകർ<br>കുട്ടികൾ<br>അധ്യാപകർ | 10000<br>3000<br>3000 |

# അധ്യാപക ശാക്തീകരണം

## ലക്ഷ്യങ്ങൾ

- കുട്ടികൾക്ക് അക്കാദമികപരമായി മുന്നേറ്റം ഉണ്ടാവണമെങ്കിൽ അധ്യാപകർക്ക് ഓരോ വിഷയത്തിലും വേണ്ട മുന്നൊരുക്കങ്ങൾ ഉണ്ടാവണം.
- അധ്യാപകർ ശക്തരെങ്കിൽ കുട്ടികളും ശക്തർ.

## സാമൂഹിക ബന്ധം

- അക്കാദമിക പ്രവർത്തനങ്ങൾക്ക് സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുക.
- വിദ്യാലയ വികസന സമിതി, പി.ടി.എ , മറ്റുസ്ഥാപനങ്ങൾ,പൂർവവിദ്ധ്യാര്ത്ഥികള് എന്നിവരുമായുള്ള ബന്ധം ശക്തിപ്പെടുത്തുക.

| 1ലക്ഷ്യങ്ങൾ | പഠന പ്രശ്നം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| അധ്യാപകർ വിഷയപരമായി പ്രാപ്തരാകണം | ഓരോ പഠന പ്രവർത്തനത്തിലും പല സംശയങ്ങൾ ഉണ്ടാവുന്നു .<br>പഠനോപകരണ നിർമ്മാണത്തിന് പ്രയാസം | ➢ എസ്.ആർ.ജി. കൂടുതൽ കാര്യക്ഷമമാക്കൽ- ഓരോ പഠന നേട്ടവുമായും അധ്യാപകർ പരിചയമുള്ളവരാകാൻ വേണ്ടി HB,TB ഇവ വെച്ച് തന്നെ ആസൂത്രണം ചെയ്യുന്നു.<br>➢ രണ്ട് ടെർമിനുവേണ്ട പ്രവർത്തനങ്ങളും അവക്കാവശ്യമായ പഠനോപകരണങ്ങളും വായനാ സാമഗ്രികളും കണ്ടെത്തുന്നു | ആഴ്ചയിൽ ഒരുതവണ<br>അവധിക്കാലം | SRG കൺവീനർ, ഹെഡ്മാസ്റ്റർ<br>അധ്യാപകർ, വിദഗ്ദർ | P.T.A, S.S.A, അധ്യാപകർ 2000 |

| | | | | | |
|---|---|---|---|---|---|
| അക്കാദമിക പ്രവർത്തനങ്ങൾക്ക് സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുക | | ➢ പൂർവവിദ്യാർഥിസംഗമം- പുതിയ കെട്ടിട ഉൽഘാടനം<br>➢ ബോധവൽകരണ ക്ലാസ് - രക്ഷിതാക്കൾക്<br>➢ അമ്മക്കൂട്ടായ്മ-പുസ്തകങ്ങൾ വിതരണം ചെയ്യുന്നു,അതോടനുബന്ധിച്ചുള്ള മത്സരങ്ങൾ<br>➢ ഗണിതക്കിറ്റ് തയ്യാറാക്കാൻ കുട്ടികൾക്ക് സഹായം<br>➢ കമ്പ്യൂട്ടർ പരിശീലനം<br>➢ ചാരിറ്റബിൾ വർക്ക്-കുട്ടികൾ ദിവസവും അവർക്ക് കിട്ടുന്ന നാണയങ്ങൾ സ്കൂളിലെ പെട്ടിയിൽ നിക്ഷേപിക്കുന്നു | ജൂൺ<br>ആഗസ്ത്<br>വർഷം മുഴുവൻ<br>ജൂൺ മുതൽ ജൂലൈ 1 വരെ അവധി ദിവസങ്ങളിൽ<br>വർഷം മുഴുവൻ | മാനേജ്മെന്റ്, പി.ടി.എ), നാട്ടുകാർ പി.ടി.എ)<br>അധ്യാപകർ, പൂർവവിദ്യാർത്തികൾ | 3000 |

# ഭൗതിക വികസന പദ്ധതികൾ

- സ്കൂളിന് ഒരു ഉറപ്പുള്ളതും സൗകര്യപ്രദവുമായ കെട്ടിടം.
- പാചക ശാല,ഡൈനിംഗ്ഹാൾ.
- കമ്പ്യൂട്ടർലാബ്,മുഴുവൻ ക്ലാസ്സിലും സ്മാർട്ട് ക്ലാസ്സ്റൂം.
- ലൈബ്രറി റൂം.
- ക്ലാസ്സ് ചുമരിൽ ചിത്രങ്ങൾ.
- ജൈവ വൈവിധ്യ പാർക്ക്.

# മോണിറ്ററിംഗ്

- അക്കാദമികപരമായ മുന്നേറ്റത്തിന് വേണ്ടി സമൂഹത്തിന് മുന്നിൽ സമർപ്പിക്കുന്ന ഈ പദ്ധതിസമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.
- ഓരോ പ്രവർത്തനത്തിനും ആവശ്യമായ പിന്തുണാ സംവിധാനം ഉറപ്പുവരുത്തുകയും വിലയിരുത്തുകയും ചെയ്യുക.
- അക്കാദമിക പ്ലാനിൽ ഉൾപ്പെട്ട പ്രവർത്തനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുക.
- ഓരോ മാസവും പൂർത്തിയായതും നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവർത്തനങ്ങള് അവലോകനം ചെയ്യുക.

# ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഓരോ സ്കൂളും ഭൗതികവും അക്കാദമികവുമായി വളരെയധികം മുന്നോട്ട് പോയിട്ടുണ്ട്,പോകേണ്ടതുണ്ട്. അങ്ങനെയുള്ള സാഹചര്യത്തില് ചിറക്കുതാഴ എൽ.പി. സ്കൂളിന്റെ പരിമിതിക്കുള്ളില് നിന്നുകൊണ്ട് തനതായ ചിലപ്രവർത്തനങ്ങള് ആസൂത്രണം ചെയ്തിരിക്കുകയാണ്. അത് ഏറ്റെടുത്തു നടത്താനും വിജയിപ്പിക്കാനും അതു വഴി നമ്മുടെസ്കൂൾ വിഭാവനം ചെയ്യുന്ന കാഴ്ചപ്പാടില് എത്തിച്ചേരാനും നമുക്ക് വേണ്ട എല്ലാ പിന്തുണയും ഉണ്ടാവുമെന്ന വിശ്വാസത്തോടെ ഈ അക്കാദമിക പ്ലാൻ സമൂഹത്തിന് മുന്നിൽ സമർപ്പിക്കുകയാണ്.